കേരള അന്താരാഷ്ട്ര ചലച്ചിത്രമേള ഇന്നു മുതൽ

ഇന്നു തിരുവനന്തപുരത്ത് ആരംഭിക്കുന്ന കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ മീഡിയ സെൽ ടാഗോർ തീയറ്ററിൽ മുൻ ചീഫ് സെക്രട്ടറിയും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റുമായ കെ. ജയകുമാർ ഉദ്ഘാടനം ചെയ്യുന്നു. സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ചെയർമാൻ മധുപാൽ, കേരള മീഡിയ അക്കാഡമി ചെയർപേഴ്സൺ ആർ.എസ്. ബാബു, ഇൻഫൊർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്റ്റർ ടി.വി. സുഭാഷ്, ചലച്ചിത്ര അക്കാഡമി വൈസ് ചെയർപേഴ്സൺ കുക്കു പരമേശ്വരൻ, നടി സരയു, ചലച്ചിത്ര അക്കാഡമി സെക്രട്ടറി സി. അജോയ് തുടങ്ങിയവർ സമീപം.

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: ലോക സിനിമയുടെ സമകാലികവും ചരിത്രപരവുമായ കാഴ്ചകൾ കോർത്തിണക്കുന്ന 30ാം കേരള അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് (ഐഎഫ്എഫ്കെ) ഇന്ന് തുടക്കമാകും. 19 വരെ തലസ്ഥാന നഗരി സിനിമാ പ്രേമികളുടെ ഉത്സവപ്പറമ്പാകും.

26 വ്യത്യസ്ത വിഭാഗങ്ങളിലായി 82 രാജ്യങ്ങളിൽ നിന്നുള്ള 206 ചിത്രങ്ങളാണ് ഇത്തവണ മേളയുടെ ഭാഗമാകുന്നത്. പലസ്തീൻ ജനതയുടെ പ്രതിരോധത്തിന്റെയും ചരിത്രത്തിന്റെയും അടയാളപ്പെടുത്തലുകളുമായി ആൻ മേരി ജാസിർ സംവിധാനം ചെയ്ത 'പലസ്തീൻ 36' ആണ് മേളയുടെ ഉദ്ഘാടന ചിത്രം.

ഇത്തവണത്തെ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം ആഫ്രിക്കൻ സിനിമയുടെ വക്താവും മൗറിത്താനിയൻ സംവിധായകനുമായ അബ്ദുറഹ്മാനെ സിസാക്കോയ്ക്ക് നൽകി ആദരിക്കും. ആഗോളവത്കരണം, പലായനം, സ്വത്വം എന്നീ വിഷയങ്ങൾ കേന്ദ്രീകരിച്ചുള്ള അദ്ദേഹത്തിന്റെ 'ടിംബുക്തു', 'ബ്ലാക്ക് ടീ' തുടങ്ങിയ ശ്രദ്ധേയമായ അഞ്ച് ചിത്രങ്ങൾ 'ദ ഗ്ലോബൽ ഗ്രിയോട്ട്: സിസാക്കോസ് സിനിമാറ്റിക് ജേണി' എന്ന പ്രത്യേക പാക്കേജിൽ പ്രദർശിപ്പിക്കും.

ഈജിപ്ഷ്യൻ സിനിമയിലെ ഇതിഹാസമായ യൂസഫ് ഷഹീന്റെ ജന്മശതാബ്ദി ആഘോഷ ഭാഗമായി അദ്ദേഹത്തിന്റെ വിഖ്യാത ചിത്രങ്ങളായ 'കെയ്റോ സ്റ്റേഷൻ', 'അലക്സാണ്ട്രിയ എഗെയ്ൻ ആൻഡ് ഫോറെവർ', 'ദി അദർ' എന്നിവ ഉൾപ്പെടുത്തി റിട്രോസ്പെക്റ്റീവും ഒരുക്കിയിട്ടുണ്ട്. ഇന്ത്യൻ സമാന്തര സിനിമയിലെ പ്രമുഖനായ സയീദ് മിർസയുടെ മൂന്ന് ശ്രദ്ധേയ ചിത്രങ്ങളും മേളയുടെ മുഖ്യ ആകർഷണമാകും.

ഇന്തോനേഷ്യൻ സിനിമയുടെ ആധുനിക മുഖമായ ഗാരിൻ നുഗ്രോഹോയുടെ അഞ്ച് ചിത്രങ്ങൾ 'കണ്ടംപററി ഫിലിം മേക്കർ ഇൻ ഫോക്കസ്' വിഭാഗത്തിൽ പ്രദർശനത്തിനെത്തും. 57 ചലച്ചിത്രങ്ങൾ ഉൾപ്പെടുന്ന ലോക സിനിമാ വിഭാഗമാണ് പ്രേക്ഷകർക്ക് മുന്നിലെത്തുന്ന മറ്റൊരു പ്രധാന കാഴ്ചാ വിരുന്ന്.

അന്താരാഷ്ട്ര മത്സര വിഭാഗത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള മികച്ച ചിത്രങ്ങൾ സുവർണ ചകോരം, രജത ചകോരം പുരസ്കാരങ്ങൾക്കായി മത്സരിക്കും. മലയാള സിനിമ ഇന്ന്, ഇന്ത്യൻ സിനിമ ഇന്ന് എന്നീ വിഭാഗങ്ങൾ സമകാലിക സിനിമയുടെ പുതിയ പാഠങ്ങൾ സമ്മാനിക്കും. ജൂറി അംഗങ്ങൾ സംവിധാനം ചെയ്ത 5 ചിത്രങ്ങൾ 'ജൂറി ഫിലിംസ്' വിഭാഗത്തിൽ പ്രദർശിപ്പിക്കും.

വിവിധ പ്രമേയങ്ങളെ മുൻനിർത്തി 'ഫീമെയിൽ ഫോക്കസ്', 'ലാറ്റിൻ അമെരിക്കൻ പാക്കെജ്', 'കൺട്രി ഫോക്കസ്: വിയറ്റ്നാം', 'ഫെസ്റ്റിവൽ ഫേവറൈറ്റ്സ്', 'കലൈഡോസ്കോപ്പ്' തുടങ്ങിയ പാക്കെജുകൾ പ്രേക്ഷകർക്കായി ഒരുക്കിയിട്ടുണ്ട്. മുൻപ് ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം നേടിയവരുടെ ചിത്രങ്ങൾ 'പാസ്റ്റ് എൽടിഎ വിന്നേഴ്സ്' എന്ന വിഭാഗത്തിൽ പ്രദർശിപ്പിക്കും.

മുൻ വർഷങ്ങളിൽ സുവർണ ചകോരം നേടിയ ചിത്രങ്ങൾ ഉൾപ്പെടുത്തിയുള്ള 'ദ സുവർണ ലെഗസി' പ്രത്യേക പാക്കെജും ശ്രദ്ധേയമാകും. പ്രമുഖ ചലച്ചിത്ര പ്രവർത്തകർക്ക് ശ്രദ്ധാഞ്ജലി അർപ്പിക്കുന്ന 'ഹോമെജ്' വിഭാഗവും മേളയിലുണ്ട്.

മുത്തൂറ്റ് ശിക്ഷാ ജ്യോതി പദ്ധതിക്ക് തുടക്കം

കൊച്ചി: മുത്തൂറ്റ് ഫിനാൻസിന്റെ പുതിയ സിഎസ്ആർ പദ്ധതിയായ മുത്തൂറ്റ് ശിക്ഷാ ജ്യോതി പദ്ധതിക്ക് തുടക്കമായി. പദ്ധതി പ്രകാരം രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലായുള്ള 75 സർക്കാർ അപ്പർ പ്രൈമറി, ഹൈസ്കൂളുകളിൽ ഡിജിറ്റൽ പഠന സൗകര്യം ഒരുക്കുന്നതിനായി 65 ഇഞ്ച് വലുപ്പമുള്ള സ്മാർട്ട് ഇന്ററാക്റ്റീവ് പാനലുകൾ സ്ഥാപിക്കും.

പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ അലക്സാണ്ടർ ജോർജ് മുത്തൂറ്റ്, ഡെപ്യൂട്ടി മാനെജിങ് ഡയറക്റ്റർ ജോർജ് എം. ജോർജ് എന്നിവർ പങ്കെടുത്തു. ന്യൂഡൽഹി, ഹരിയാന, ഉത്തർപ്രദേശ്, ലുധിയാന (പഞ്ചാബ്), ഒഡീഷ, മുംബൈ, ഗുജറാത്ത്, രാജസ്ഥാൻ, പൂനെ, കൊൽക്കത്ത, സിലിഗുരി, റായ്പുർ, ഗുവാഹത്തി എന്നിവിടങ്ങളിലെ സ്കൂളുകളിലാണ് ആദ്യഘട്ടം പദ്ധതി നടപ്പാക്കുന്നത്. പൈലറ്റ് ഘട്ടം പൂർത്തിയായതിനു ശേഷമുള്ള പ്രവൃത്തികൾ വിലയിരുത്തി മുത്തൂറ്റ് ശിക്ഷാ ജ്യോതി പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കും.

താരിഫ് നിർണയം; റെഗുലേറ്ററി കമ്മിഷൻ പൊതുതെളിവെടുപ്പ് 23ന്

തിരുവനന്തപുരം: കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ താരിഫ് നിർണയിക്കുന്നതിനുള്ള ചട്ടങ്ങളുടെ മൂന്നാം ഭേദഗതിക്കുള്ള കരടിന്മേൽ ഈ മാസം 23ന് രാവിലെ 11ന് ഓൺലൈനായി പൊതുതെളിവെടുപ്പ് നടത്തും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കമ്മിഷന്റെ വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ലിങ്ക് (https://kserc.sbs/ph2025) മുഖേന ഈ മാസം 20 വൈകിട്ട് അഞ്ച് മണിക്കകം രജിസ്റ്റർ ചെയ്യണം. സമയം, ലിങ്ക് എന്നിവ രജിസ്ട്രേഷൻ ഫോമിൽ നൽകുന്ന ഇ-മെയിൽ/ വാട്സ്ആപ് മുഖേന അറിയിക്കും. കൂടുതൽ വിവരങ്ങൾക്ക്: www.erckerala.org, ഫോൺ: 0471 2735544.

മസാല ബോണ്ട് ഇഡി നോട്ടീസ്: ഹർജി ഉത്തരവിന് മാറ്റി

കൊച്ചി: മസാല ബോണ്ട് ഇടപാടിൽ മുഖ്യമന്ത്രി പിണറായി വിജയനുൾപ്പെടെ എൻഫോഴ്സ്മെന്റ് ഡയറക്റ്ററേറ്റ് (ഇഡി) നോട്ടീസ് നൽകിയതിനെതിരെ കിഫ്ബി നൽകിയ ഹർജി ഹൈക്കോടതി ഇടക്കാല ഉത്തരവിനായി മാറ്റി.

ഹർജിയിൽ അന്തിമ തീരുമാനമാകും വരെ നോട്ടീസ് നടപടികൾ സ്റ്റേ ചെയ്യണമെന്നാണ് ആവശ്യം. മസാല ബോണ്ട് വഴി സമാഹരിച്ച പണം സംസ്ഥാനത്തെ വികസന പദ്ധതികൾക്കാണ് ഉപയോഗിച്ചതെന്നാണ് കിഫ്ബി വാദം. ഇതുപയോഗിച്ച് റിയൽ എസ്റ്റേറ്റ് കച്ചവടം നടത്തിയെന്ന എൻഫോഴ്സ്മെന്റ് കണ്ടെത്തൽ ശരിയല്ല. ഭൂമി വാങ്ങുകയല്ല വികസന പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുകയാണ് ചെയ്തത്. എന്നാൽ മസാല ബോണ്ടുവഴി സമാഹരിച്ച പണം വികസന പദ്ധതികൾക്കായി മാത്രമേ ഉപയോഗിക്കാൻ കഴിയൂ എന്ന് ഇഡി അറിയിച്ചു.

ഇതുപയോഗിച്ച് ഭൂമി വാങ്ങിയത് നിയമപരമായി ശരിയല്ല.സർക്കാരിന്റെ കൈവശമുള്ള ഭൂമിയിലോ മറ്റേതെങ്കിലും ഫണ്ടുകൊണ്ട് സർക്കാരിലേക്ക് വന്ന ഭൂമിയിലോ ആയിരുന്നു മസാല ബോണ്ടിലെ പണം വിനിയോഗിക്കേണ്ടിയിരുന്നതെന്നും അഡീഷണൽ സോളിസിറ്റർ ജനറൽ അറിയിച്ചു.മസാല ബോണ്ട് വഴി സമാഹരിച്ച പണം സംസ്ഥാനത്തെ വികസന പദ്ധതികൾക്കാണ് ഉപയോഗിച്ചതെന്നാണ് കിഫ്ബി വാദം.

'സ്ത്രീലമ്പടൻ' പരാമർശം; മുഖ്യമന്ത്രിക്കെതിരേ കോൺഗ്രസ്

സ്വന്തം ലേഖകൻ

തിരുവനന്തപുരം: പ്രതിപക്ഷത്തിനെതിരേ മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ 'സ്ത്രീലമ്പടൻ' പരാമർശത്തിൽ രൂക്ഷവിമർശനവുമായി കോൺഗ്രസ് നേതാക്കൾ. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല എന്നിവരാണ് മുഖ്യമന്ത്രിക്കു മറുപടിയുമായി ആദ്യം രംഗത്തെത്തിയത്. പിന്നാലെ മുതിർന്ന നേതാക്കളും അഭിപ്രായം പ്രകടിപ്പിച്ചതോടെ കോൺഗ്രസ് അണികളും അനുഭാവികളും പ്രവർത്തകരും സമൂഹ്യമാധ്യമങ്ങളിൽ സിപിഎം നേതാക്കളുടെ ചിത്രമടക്കം പങ്കുവെച്ച് പരിഹാസവും വിമർശനവും തുടങ്ങി.

ഇന്നലെ വോട്ടുചെയ്യാനെത്തിയപ്പോഴായിരുന്നു പ്രതിപക്ഷത്തെ ചൂണ്ടി മുഖ്യമന്ത്രി പിണറായി വിജയൻ സ്ത്രീലമ്പടന്മാരെന്ന പരാമർശനം നടത്തിയത്. കോൺഗ്രസിൽ സ്ത്രീലമ്പടൻമാരാണെന്നാണ് മുഖ്യമന്ത്രി പറയുന്നത്. ലൈംഗിക അപവാദക്കേസുകളിൽ ഉൾപ്പെട്ട എത്ര പേർ മന്ത്രിസഭയിലും എംഎൽഎമാരിലും മുഖ്യമന്ത്രിയുടെ ഓഫിസിലും ഉണ്ടെന്ന് പിണറായി വിജയൻ എണ്ണിനോക്കിയാൽ നന്നായിരിക്കുമെന്ന് പ്രതിപക്ഷ നേതാവ് വി. ഡി സതീശൻ പറഞ്ഞു. മുഖ്യമന്ത്രിയുടെ സഹപ്രവർത്തകനായ മുൻ എംഎൽഎ പി.ടി.കുഞ്ഞുമുഹമ്മദിനെതിരേ നവംബർ 27 ന് മുഖ്യമന്ത്രിയുടെ ഓഫിസിൽ പരാതി കിട്ടിയിട്ടും ഡിസംബർ രണ്ടിനാണ് പൊലീസിന് കൈമാറിയത്. കേസെടുത്തത് ഡിസംബർ എട്ടിനും. പതിമൂന്ന് ദിവസം ഈ പരാതി എന്തുകൊണ്ടാണ് പൂഴ്ത്തിവച്ചതെന്ന് സതീശൻ ചോദിച്ചു. സിപിഎമ്മിന്റെ മുൻ എംഎൽഎയ്ക്കെതിരെ ഒരു സ്ത്രീ നൽകിയ പരാതി മുഖ്യമന്ത്രി എന്തിനാണ് പൂഴ്ത്തിവച്ചത്? പി.ടി. കുഞ്ഞുമുഹ

മ്മദിനെ രക്ഷപ്പെടുത്താൻ ബോധപൂർവമായ ശ്രമമുണ്ടായി. സ്വന്തക്കാരുടെ കേസ് വരുമ്പോൾ എല്ലാ വൈകിപ്പിക്കുകയാണ്. ഈ അന്യായം കേരളം അറിയണമെന്നും സതീശൻ പറഞ്ഞു.

സ്ത്രീ പീഡകരെ പാർട്ടി കോടതിയിൽ വിചാരണ ചെയ്ത്, അവർക്ക് പദവികൾ വാരിക്കോരി കൊടുക്കുന്ന മുഖ്യമന്ത്രിയാണ് വലിയ വർത്തമാനം പറയുന്നതെന്നു രമേശ് ചെന്നിത്തലയും തിരിച്ചടിച്ചു. രാഹുൽ മാങ്കൂട്ടത്തിലിനെതിരെ വന്ന പരാതിയിൽ മാതൃകാപരമായ നടപടി സ്വീകരിച്ച പാർട്ടിയാണ് കോൺഗ്രസ്. എന്നാൽ, ഒരു സ്ത്രീ പരാതി കൊടുത്തിട്ട് രണ്ടാഴ്ചക്കാലം കൈയിൽവച്ചിരിക്കുകയായിരുന്നു മുഖ്യമന്ത്രി. എന്തുകൊണ്ടാണ് അത് പൊലീസിന് കൈമാറാതിരുന്നതെന്നും ചെന്നിത്തല ചോദിച്ചു. പീഡനം നടത്തിയ എത്രയോ പേരെ മുഖ്യമന്ത്രി സംരക്ഷിക്കുന്നുണ്ട്. ആ ഇരട്ടത്താപ്പ് ശരിയല്ല. 'എൻപിള്ള' നയം സ്വീകരിക്കുന്നത് ശരിയല്ലെന്നും അദ്ദേഹം വിമർശിച്ചു.

മുഖ്യമന്ത്രിയുടെ പരാമർശം അൽപ്പത്തരമെന്നായിരുന്നു കെ. സുധാകരൻ എംപിയുടെ പ്രതികരണം. മുഖ്യമന്ത്രി തന്നെ ഇത്തരത്തിലൊരു പരാമർശം നടത്തിയാൽ എന്തുചെയ്യുമെന്നും സുധാകരൻ ചോദിച്ചു. പ്രസ്താവന മുഖ്യമന്ത്രി പിൻവലിക്കണമെന്നായിരുന്നു കെപിസിസി വർക്കിങ് പ്രസിഡന്റ് എ.പി അനിൽകുമാറിന്റെ ആവശ്യം. കേരളത്തിന്റെ മുഖ്യമന്ത്രിക്ക് ചേർന്ന പ്രസ്താവനയല്ല പിണറായി വിജയൻ നടത്തിയത്. മുഖ്യമന്ത്രി പറഞ്ഞ പോലത്തെ ആളുകൾ സിപിഎമ്മിൽ നിരവധിയാണ്. അവരെക്കുറിച്ച് എഴുതാൻ നൂറു പേജിലെ പുസ്തകം മതിയാകില്ലെന്നും അനിൽകുമാർ കൂട്ടിച്ചേർത്തു. മുഖ്യമന്ത്രി ഇത്തരത്തിൽ പലതും പറയുമെന്നായിരുന്നു യുഡിഎഫ് കൺവീനർ അടൂർ പ്രകാശ് പ്രതികരിച്ചത്. ഇതിനൊന്നും മറുപടി പറയേണ്ട ആവശ്യമില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

കുഞ്ഞുമുഹമ്മദിനെതിരേ നടപടി വൈകിച്ചത്; തെരഞ്ഞെടുപ്പിൽ ചർച്ചയാകുന്നത് തടയാനെന്ന് ആക്ഷേപം

തിരുവനന്തപുരം: ഇടതു സഹയാത്രികനും സംവിധായകനും മുൻ എംഎൽഎയുമായ പി.ടി. കുഞ്ഞുമുഹമ്മദിനെതിരായ ലൈംഗികാതിക്രമ പരാതിയിൽ നടപടി വൈകിച്ചത് തദ്ദേശ തെരഞ്ഞെടുപ്പിൽ വിഷയം ചർച്ചയാകാതിരിക്കാൻവേണ്ടിയെന്ന് ആക്ഷേപം. രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയുടെ കേസിൽ കർശന നടപടിയുമായി മുന്നോട്ടുപോകുന്ന പൊലീസ് തെരഞ്ഞെടുപ്പിൽ എൽഡിഎഫിന് തിരിച്ചടിയുണ്ടാകുമെന്നുള്ള ഭയത്തിൽ മുകളിൽ നിന്നുള്ള സമ്മർദത്തെ തുടർന്ന് പി.ടി.കുഞ്ഞുമുഹമ്മദിന്റെ അറസ്റ്റ് വൈകിപ്പിക്കുന്നുവെന്നാണ് വിമർശനം.

നവംബർ 27ന് സംവിധായിക മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിൽ പതിമൂന്ന് ദിവസം കഴിഞ്ഞാണ് കുഞ്ഞുമുഹമ്മദിന്റെ പേരിൽ കേസെടുത്തത്. പരാതി മുഖ്യമന്ത്രിയുടെ ഓഫിസ് വച്ചു വൈകിപ്പിച്ചെന്നും പൊലീസ് യഥാസമയം നടപടി സ്വീകരിച്ചില്ലെന്നും ആക്ഷേപം ശക്തമാണ്. അതിനിടെ, പരാതി കിട്ടിയിരുന്നതായി സമ്മതിച്ച് ചലച്ചിത്ര അക്കാഡമി വൈസ് ചെയർപെഴ്സൺ കുക്കു പരമേശ്വരന്റെ രംഗത്തെത്തി.

പരാതിയുടെ ഗൗരവം മനസിലാക്കിയാണ് പരിഗണിക്കുന്നതെന്നും തുടർനടപടിയുമായി മുന്നോട്ടു പോകുമെന്നും കുക്കു പരമേശ്വരൻ പറഞ്ഞു. എന്നാൽ പരാതി ലഭിച്ചത് എന്നാണെന്നത് ഉൾപ്പെടെയുള്ള ചോദ്യങ്ങൾക്കു അവർ മറുപടി നൽകിയില്ല. ഐഎഫ്എഫ്കെയിൽ ചിത്രങ്ങൾ തെരഞ്ഞെടുക്കാനുള്ള സമിതിയുടെ അധ്യക്ഷനായിരുന്നു പി. ടി. കുഞ്ഞുമുഹമ്മദ്, ഇതുമായി ബന്ധപ്പെട്ട യോഗത്തിന് ചലച്ചിത്ര അക്കാഡമിയുടെ ക്ഷണപ്രകാരം എത്തിയപ്പോൾ ലൈംഗികാതിക്രമം നടന്നെന്നാണ് സംവിധായികയുടെ പരാതി.

ഓങ്കോളജി റേഡിയേഷൻ ലിനാക് സെന്റർ: 120 കോടി രൂപയുടെ നിക്ഷേപവുമായി ആസ്റ്റർ

കൊച്ചി: സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്യാൻസർ രോഗികൾക്കായി 120 കോടി രൂപയുടെ സുപ്രധാന പദ്ധതിയുമായി ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ രാജ്യത്തുടനീളം അഞ്ച് അത്യാധുനിക ഓങ്കോളജി റേഡിയേഷൻ ലിനാക് സെന്ററുകൾ സ്ഥാപിക്കാനാണ് തീരുമാനം.

ഗുഡലൂർ, ഗുഡൽപേട്ട് തുടങ്ങിയ സമീപ പ്രദേശങ്ങളുൾപ്പെടെ വിശാല മലബാർ മേഖലയെ ലക്ഷ്യം വച്ചുകൊണ്ട് ആദ്യത്തെ കേന്ദ്രം വയനാട്ടിൽ സ്ഥാപിക്കും. രണ്ടാമത്തെ സെന്റർ ബംഗളൂരുവിൽ തുടങ്ങാനാണ് പദ്ധതി. അടുത്ത മൂന്നു വർഷം കൊണ്ട് റേഡിയേഷൻ സെന്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ ആവശ്യകതയും ക്ലിനിക്കൽ സാധ്യതയും അടിസ്ഥാനമാക്കി പിന്നീട് പ്രഖ്യാപിക്കും. ക്യാൻസർ ചികിത്സാ ചെലവുകൾ താങ്ങാൻ കഴിയാത്തവർക്കും സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ചികിത്സ മുടങ്ങിപ്പോയവർക്കും ഉന്നത നിലവാരമുള്ള റേഡിയേഷൻ തെറാപ്പി സൗജന്യമായും കുറഞ്ഞ നിരക്കിലും ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ഇന്ത്യയിൽ പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കുൾപ്പെടെ, നൂതന ക്യാൻസർ ചികിത്സ എല്ലാവർക്കും ലഭ്യമാക്കുന്നതിനുള്ള ആസ്റ്ററിന്റെ പ്രതിബദ്ധതയാണ് ഈ സംരംഭമെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സ്ഥാപകനും ചെയർമാനുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.

എൻഡിഎയ്ക്ക് വോട്ട് ചെയ്ത എല്ലാവർക്കും നന്ദിയെന്ന് രാജീവ്

തിരുവനന്തപുരം : കേരളത്തിൽ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് രണ്ടു ഘട്ടമായി പൂർത്തിയാവുമ്പോൾ ബിജെപി നേതൃത്വം നൽകുന്ന ദേശീയ ജനാധിപത്യ സഖ്യം തികഞ്ഞ ആത്മവിശ്വാസത്തിലാണെന്ന് സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ.

വികസിത കേരളം എന്ന ബിജെപിയുടെ ലക്ഷ്യത്തിനു കേരള സമൂഹം നൽകിയ പിന്തുണയാണ് അതിനു കാരണം. ഏഴു പതിറ്റാണ്ടായി കേരളത്തെ മാറിമാറി ഭരിച്ച് ജനങ്ങളെ ദുരിതത്തിലാക്കിയ ഇടതു, വലത് മുന്നണികൾക്കുള്ള തിരിച്ചടിയാകും ഈ തെരഞ്ഞെടുപ്പ് ഫലം.

വികസന രാഷ്ട്രീയം മുന്നോട്ടുവച്ച് തെരഞ്ഞെടുപ്പിനെ നേരിട്ട ഒരേയൊരു പാർട്ടി ബിജെപിയാണ്. അത് ജനങ്ങൾ ഏറ്റെടുത്തു. എൻഡിഎ അധികാരത്തിലെത്തിയാൽ കേരളത്തിന്റെ വികസനക്കുതിപ്പിന് തുടക്കമിടാൻ ജനങ്ങൾക്ക് മുൻപിൽ അവതരിപ്പിച്ച വാഗ്ദാനങ്ങൾ ഒരിക്കൽ കൂടി പറയുകയാണ്.

തദ്ദേശ സ്ഥാപനങ്ങളിൽ അധികാരമേറ്റ് 45 ദിവസത്തിനുള്ളിൽ 5 വർഷത്തേക്കുള്ള വികസന രൂപരേഖ പുറത്തിറക്കും. അഴിമതിരഹിതവും സുതാര്യവുമായ ഡിജിറ്റൽ ഭരണം ഉറപ്പാക്കും. ഡിജിറ്റൽ സാങ്കേതികവിദ്യയിലൂടെ തദ്ദേശ സ്ഥാപനങ്ങളുടെ സേവനങ്ങൾ വീട്ടുപടിക്കലെത്തിക്കും. എല്ലാ വർഷവും റിപ്പോ

ർട്ട് കാർഡ് പുറത്തിറക്കും. നേടിയതും നേടാനാകാത്തതുമായ കാര്യങ്ങൾക്കൊപ്പം, അടുത്ത 12 മാസത്തെ പദ്ധതികളും അതിലുണ്ടാകും.

തദ്ദേശ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന ഓരോ രൂപയുടെയും കണക്കുകൾ അവതരിപ്പിക്കും. ജനങ്ങളുടെ നികുതിപ്പണം എങ്ങനെ ഉപയോഗിച്ചു എന്ന് വ്യക്തമാക്കും. എല്ലാ വാർഡിലും ഒരു പൊതു സേവാകേന്ദ്രവും പ്രാഥമിക ആരോഗ്യ കേന്ദ്രവും സ്ഥാപിക്കും. മോദി സർക്കാരിന്റെ എല്ലാ പദ്ധതികളും 100 ശതമാനം നടപ്പിലാക്കും. ഇത് വാഗ്ദാനങ്ങൾ മാത്രമല്ല.

തെരഞ്ഞെടുപ്പ് പൂർത്തിയായിട്ടും ബിജെപി ഈ പ്രഖ്യാപനങ്ങൾ ജനങ്ങൾക്ക് മുമ്പിൽ ഉയർത്തിക്കാട്ടുന്നു. അതിനു കാരണം ഈ പ്രഖ്യാപനങ്ങളാണ് വികസിത കേരളത്തിന്റെ ചവിട്ടുപടികൾ. ഇതിലൂടെയാണ് മാറാത്തത് പലതും ഇനി മാറാൻ പോകുന്നത്. ആ മാറ്റങ്ങൾക്കായി എൻഡിഎ മുന്നണിക്ക് വോട്ട് ചെയ്ത എല്ലാവർക്കും നന്ദി.

ശബരിമല സ്വർണക്കൊള്ള നടത്തിയ ഇടതുപക്ഷത്തേയും സ്ത്രീ പീഡകരെ സംരക്ഷിക്കുന്ന യുഡിഎഫിനേയും ജനം ബഹിഷ്കരിക്കും. ഇടതും വലതും മലിനമാക്കിയ കേരള രാഷ്ട്രീയത്തിൽ വികസിത കേരളം എന്ന പോസിറ്റീവ് അജൻഡ സെറ്റ് ചെയ്യുന്നതിൽ ബിജെപി വിജയിച്ചു. വിവാദ കേരളത്തിൽ നിന്ന് വികസിത കേരളത്തിലേക്ക് തെരഞ്ഞെടുപ്പ് പ്രചാരണത്തെ എത്തിച്ചത് ബിജെപി മാത്രമാണ്. മിഷൻ 2025 നായി അക്ഷീണം പ്രയത്നിച്ച ബിജെപിയുടെ ലക്ഷക്കണക്കിന് പ്രവർത്തകർക്ക് നന്ദി- രാജീവ് ചന്ദ്രശേഖർ പ്രസ്താവിച്ചു.

നഷ്ടപ്പെട്ടു

എന്റെ INDIAN PASSPORT NO G5580183 ISSUE IN COCHIN ON 01.11.2007 EXPIRY ON 31.10.2017 ന്റെ ഉൾപേജുകൾ നഷ്ടപ്പെട്ടു ലഭിക്കുന്നവർ താഴെ കാണുന്ന വിലാസത്തിൽ contact ചെയ്യുക.
ALVIN LUKOSE
THONIKUZHIYIL (H)
KOTHAMANGALAM POST
MALAYINKEEZHU - 686691

LOST

I HEREBY INFORMED THAT AN INDIAN PASSPORT NO S4190076 ISSUED FROM PASSPORT OFFICE ERNAKULAM HAS BEEN LOST IRRECOVRABLY. THE FINDER MAY PLEASE TO INFORM MARY VARGHESE AGED 71 YEARS RESIDING PERMANANTLY AT MANGALASSERIL HOUSE, KARIMPANA P O, PALAKUZHA, 686662 - ERNAKULAM PHONE: 9495952485.

അറിയിപ്പ്

ആലുവ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ പരസ്യപ്പെടുത്തുന്നത്, KL-08-4814 എന്ന വാഹനത്തിന്റെ ഉടമ ടി വാഹനത്തിന്റെ രജിസ്ട്രേഷൻ ബുക്ക് നഷ്ടപ്പെട്ടതിനാൽ ഡ്യൂപ്ളിക്കേറ്റ് ബുക്കിന് അപേക്ഷിച്ചിരിക്കുന്നു. ഈ അപേക്ഷ പരിഗണിക്കുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ പരസ്യ തിയ്യതി മുതൽ 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിച്ചിരിക്കേണ്ടതാണ്.
എന്ന്,
ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

അറിയിപ്പ്

അങ്കമാലി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ പരസ്യപ്പെടുത്തുന്നത്, KL-41-D-6372 എന്ന വാഹനത്തിന്റെ ഉടമ ടി വാഹനത്തിന്റെ രജിസ്ട്രേഷൻ ബുക്ക് നഷ്ടപ്പെട്ടതിനാൽ ഡ്യൂപ്ളിക്കേറ്റ് ബുക്കിനായി അപേക്ഷിച്ചിരിക്കുന്നു. ഈ അപേക്ഷ പരിഗണിക്കുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ഈ പരസ്യം പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിച്ചിരിക്കേണ്ടതാണ്.
എന്ന്
ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ അങ്കമാലി

LOST

I HEREBY INFORMED THAT AN INDIAN PASSPORT NO S 4190847 ISSUED FROM PASSPORT OFFICE ERNAKULAM HAS BEEN LOST IRRECOVRABLY. THE FINDER MAY PLEASE TO INFORM VARGHESE MATHEW AGED 74 YEARS RESIDING PERMANANTLY AT MANGALASSERIL HOUSE, KARIMPANA P O, PALAKUZHA, 686662 - ERNAKULAM PHONE: 9447052485.

CHANGE OF NAME

I, JANARDANAN MARATHAKABALAN, PPTNO: Q 120266, MARATHAKAM, KIZHAKKEKKARA VADAKKU, VALIYAPARAMBU .P.O, THRIKKUNNAPUZHA, ALAPPUZHA, hereby change my name as BALAN MARATHAKA.

*കണ്ണൂർ ചെറുവച്ചേരി സ്കൂളിലെ ഒന്നാം നമ്പർ ബൂത്തിൽ വോട്ട് ചെയ്യാനെത്തിയ കണ്ടോന്താറിലെ കരിമ്പാലക്കൽ ഏരത്തു കുഞ്ഞമ്പു നായർ. തൊണ്ണൂറ്റേഴു പിന്നിട്ട ക